# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 25/05/ 2020


## ഓച്ചിറയിൽ ബൈക്കിലെത്തി മാല കവർന്ന മൂവർ സംഘം പോലീസ് പിടിയിൽ

കൊല്ലം : ഓച്ചിറ പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രായിക്കാട് വച്ച് 21.05.2020-ന് രാവിലെ 07.00 മണിക്ക് വീട്ടുമുറ്റത്ത് കളിച്ചു കൊണ്ടിരുന്ന 12 വയസ്സുള്ള കുട്ടിയുടെ കഴുത്തിൽ കിടന്ന ഒരു പവൻ തൂക്കമുള്ള സ്വർണ മാലയാണ് പൾസർ ബൈബൈക്കിലെത്തിയ മൂന്നംഗ സംഘം കവർന്നെടുത്തത്.തുടർന്ന് സി.സി.ടി.വി ദൃശ്യങ്ങളുടെ സഹായത്തോടെയും മറ്റും നടത്തിയ അന്വേഷണത്തിലാണ് പ്രതികളെ തിരിച്ചറിഞ്ഞത്.മണപ്പള്ളിയിലുള്ള ടിയാന്മാരുടെ സുഹൃത്തായ അംജിത്തിന്റെ വീട്ടിൽ ഒളിവിൽ കഴിഞ്ഞിരുന്ന ചങ്ങൻ കുളങ്ങര നന്ദനത്ത് വീട്ടിൽ ആരോമൽ എന്നു വിളിക്കുന്ന അഭിജിത് (19),കായംകുളം കീരിക്കാട് കണ്ണമ്പള്ളി ഭാഗം തുളിനയ്യത്ത് വീട്ടിൽ നിന്നും വവ്വാക്കാവ് മദീന മൻസിലിൽ താമസിക്കുന്ന സക്കീർഷാ(22),വവ്വാക്കാവ് കുറുന്നപ്പള്ളി വയലിൽ പുത്തൻ വീട്ടിൽ റംഷാദ് (24) എന്നിവരെയാണ് പിടികൂടിയത്.കോട്ടയം, പാലക്കാട് എന്നിവിടങ്ങളിൽ സമാനമായ കേസുകളിൽ പ്രതികളാണ് ഇവർ. തുടർന്ന് നടത്തിയ അന്വേഷണത്തിൽ മോഷണ മുതൽ വാങ്ങിയ മണപ്പള്ളി അശ്വതി ജുവലറി ഉടമ ശിവൻകുട്ടിയേയും പോലീസ് അറസ്റ്റ് ചെയ്തു.ഓച്ചിറ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ പ്രകാശ് ,സബ് ഇൻസ്പെക്ടർ ശ്യാംകുമാർ,സി.പി.ഒ രഞ്ജിത്,സ്പെഷ്യൽ ബ്രാഞ്ച് സബ് ഇൻസ്പെക്ടർ ജയകുമാർ, സിറ്റി ഡാൻസാഫ് ടീമംഗങ്ങളായ ബൈജു പി.ജെറോം,മനു, സജു, സീനു,റിപു,രതീഷ് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.